# പ്രതികരണങ്ങൾ — 9



പ്രതികരണങ്ങൾ — 9
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Robanov kot v Logarski dolini, a painting by Albert Sirk (1887–1947). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## കെ. അരവിന്ദാക്ഷൻ: അവസാനത്തെ സന്ദർശക

**രാജലക്ഷ്മി:** കെ. അരവിന്ദാക്ഷൻ എഴുതിയ അവസാനത്തെ സന്ദർശക വായിച്ചു. അപരിചിതമായ കഥാസന്ദർഭങ്ങളിലൂടെ, വായനക്കാരിൽ ഉത്കണ്ഠയുണർത്തുന്ന ശൈലി. കഥാകാരന് അഭിനന്ദനങ്ങൾ.

## E. P. Unny: Cartoons

**ആനന്ദി രാമചന്ദ്രൻ:** ഒരു സമയത്ത് ഒ. വി. വിജയന്റെ കാർട്ടൂണുകൾ, ആ കാലഘട്ടത്തിലെ രാഷ്ട്രീയ നിലപാടുകളുടെ പൊളിച്ചെഴുത്തായിരുന്നു. ഇന്ന് ഉണ്ണി ആ നിലവാരത്തിൽ നിൽക്കുന്നു. കാർട്ടൂണുകളുടെ ചാരുത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് മനസ്സറിഞ്ഞ് ആസ്വദിക്കാനാകുന്നുണ്ട് ഉണ്ണിയുടെ കാർട്ടൂണുകൾ.

**സാന്റി ജോസഫ്:** സായാഹ്നയുടെ പോസ്റ്റുകൾ ഞാൻ കൗതുകത്തോടെ വായിക്കാറുണ്ട് എല്ലാ ദിവസവും. പുതുമയും വൈവിധ്യവുമുള്ള വിഭവങ്ങൾ. താല്പര്യം തോന്നാത്ത മേഖലയിലുള്ള രചനകൾ പോലും കുറേശ്ശെയായി ആകർഷകമായി കിട്ടുമ്പോൾ വായിച്ചുപോകും. കഥകളും കവിതകളുമൊക്കെ ഇഷ്ടമാണ്. ക്യൂബൻ യാത്ര നന്നായിരുന്നു. ഇപ്പോൾ ഞാൻ കാർട്ടൂണുകളും വായിക്കാൻ തുടങ്ങിയിട്ടുണ്ട്. നന്ദി.

## എൻ. അജയകുമാർ, കെ. ജി. എസ്.:
## നാം നമ്മെ നേരിടും നേരം, കവിതകൾ

**ദാമോദർ പ്രസാദ്:** ഭട്ടതിരിയുടെ കാലിഗ്രഫിയിൽ കവിതകളുടെ തലക്കെട്ടുകൾ പെർഫോം ചെയ്യുകയാണ്. അക്ഷരങ്ങളുടെ താളാത്മക നൃത്തം. വരകളിലെ ഉയർച്ചതാഴ്ചകൾക്കൊണ്ട് (crests and troughs) പുതിയൊരു ആകർഷണീയത സാധ്യമാകുന്നു.

കാലിഗ്രഫി ആശാൻ ഭട്ടതിരിക്ക് നന്ദി.

**കണ്ണൻ സിദ്ധാർത്ഥ്:** കെ. ജി. എസ്. വാക്കിന്റെ വടവൃക്ഷം.

**കെ. സച്ചിദാനന്ദൻ:** എന്നും പുതുതായ കെ. ജി. എസ്. കവിതകൾ ഒന്നു കൂടി പുതുതായ പോലെ.

**ദാമോദർ പ്രസാദ്:** കാലിഗ്രഫിയ്ക്കു കൊറിയയിൽ നിന്നുള്ള ലോക പ്രശസ്ത Cheongju Jikji International Calligraphy Award ഭട്ടതിരിക്ക് ലഭിച്ചിട്ടുണ്ട്. ഈ വേളയിൽ സി. എസ്. വെങ്കിടേശ്വരൻ ദ ഹിന്ദുവിൽ ഭട്ടതിരിയുടെ കാലിഗ്രഫിയെ കുറിച്ച് ഒരു ലേഖനം എഴുതിയിട്ടുണ്ട്. അതിന്റെ ലിങ്ക് ലഭ്യമല്ല, പക്ഷേ ടെക്സ്റ്റ് ഉണ്ട്. മലയാളത്തിലാക്കി സായാഹ്നയ്ക്ക് പ്രസിദ്ധീകരിക്കാവുന്നതാണ്.

കാലിഗ്രഫിയ്ക്ക് ഗംഭീരമായ ചരിത്രമുണ്ട്. അറബിക്ക്-പേഴ്സ്യൻ കാലിഗ്രഫി ഖുറാന്റെ മികച്ച പതിപ്പുകളുടെ നിർമ്മാണത്തിന്റെ കൗശല വിദ്യയുമായി ബന്ധപ്പെട്ടതാണ്. മനോഹരമായ കാലിഗ്രഫിക്ക് പ്രതിനിധാനങ്ങൾ മധ്യകാലത്തെ കുറിച്ചുള്ള ചരിത്ര പുസ്തകങ്ങളിൽ കാണാം. ഓർഹാൻ പാമുക്ക് കാലിഗ്രഫിയെ കുറിച്ച് പറയുന്നില്ലേ?

നമ്മുടെ ഇക്കാലത്ത് കാലിഗ്രഫി പൊളിറ്റിക്കൽ ആർട്ടാണ്. ഷഹീൻ ബാഗ് സമരത്തിൽ ഗ്രാഫിറ്റികളുടെ ഗംഭീര ആവിഷ്കാരങ്ങൾ ഉണ്ടായിരുന്നു. പല പ്രസിദ്ധീകരണങ്ങളിലും വീഡിയോകളിലും അത് കാണാമായിരുന്നു. ആ ഗ്രാഫിറ്റിയുടെ സവിശേഷ ഘടകങ്ങളിലൊന്നായിരുന്നു കാലിഗ്രഫി.

ഉറുദു അതി മനോഹരമായ രീതിയിൽ കാലിഗ്രഫിക്ക് കലയ്ക്ക് മിഴിവ് നല്കുന്ന ഭാഷയാണ്.

ഷഹിൻ ബാഗിൽ ഉറുദു ഭാഷയിലെ കാലിഗ്രഫിക്ക് പ്രതിനിധാനങ്ങൾ ചുവരുകളെ സമരോത്സുകമാക്കി.

മലയാള ഭാഷയിലും കാലിഗ്രഫിയിൽ നൂതന പരീക്ഷണങ്ങൾ നടക്കുന്നുണ്ട്. ഭട്ടതിരി അതിലൊരു പ്രധാന ആശാനാണ്.

ന്യൂമീഡിയ ആർട്ടിലേക്ക് ഭട്ടതിരി വിദഗ്ദമായി കാലിഗ്രഫിയെ ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ട്.

ഡിജിറ്റലും കാലിഗ്രഫിയുമായി ബന്ധപ്പെട്ടത്തി കോഴിക്കോട് സർവകലാശാലയിൽ ഭട്ടതിരിയുടെ കാലിഗ്രഫിക് ശില്പശാല സംഘടിപ്പിച്ചിരുന്നു.

കെ. ജി. എസിന്റെ കവിതകൾക്കുള്ള ഭട്ടതിരിയുടെ കാലിഗ്രഫിക്ക് ടൈറ്റിലുകൾ ആസ്വദിച്ചിരുന്നപ്പോൾ ഇതൊക്കെ ഇങ്ങനെ പറഞ്ഞു പോകുന്നു. അത്രമാത്രം.

**എൽ. ജോൺസൺ:** ‘ആ ചൈനക്കാരൻ വൃദ്ധന്റെ പിന്തുറക്കാരുണ്ടാക്കുന്ന ഭൂകമ്പങ്ങളിൽ/കലപർവ്വതങ്ങൾ കല്പങ്ങിത്താണു തുടങ്ങിയിരിക്കുന്നു.’ നക്സൽ വിപ്ലവം ഇപ്പോൾ കൊറോണവിപ്ലവത്തിലേക്ക്.

കെ. ജി. എസിന്റെ കവിത അജയകുമാറിന്റെ പഠനത്തോടൊപ്പം നന്നായി വായിച്ചു. ദേശീയതയും പ്രാദേശികതയുമിടയിൽ ഒരു കവിതാസഞ്ചാരം. ഇഷ്ടമായി.

## മധുസൂദനൻ: ഒറ്റക്കണ്ണ്

**വി. എം. ഗിരിജ:** നമസ്കാരം.

ഞാൻ വി. എം. ഗിരിജ.

സായാഹ്നയിലെ കുറിപ്പ് വളരെ നന്നായി. ഇത്രയും മിതമായും എന്നാൽ അഗാധ സത്യവും വികാരവും ഉൾക്കൊള്ളിച്ചുമെഴുതാൻ പ്രയാസം. ബാലാമണിയമ്മയുടെ ഡോക്യു കണ്ടിട്ടില്ല. കാണാൻ പറ്റുമോ? തോന്നയ്ക്കൽ എടുത്ത ചിത്രങ്ങൾ വേറെയും ഉണ്ടോ... വളരെ സന്തോഷം... അത് വായിച്ച് എന്തോ... കണ്ണ് നിറഞ്ഞു. ഒരിക്കൽ കൂടി നമസ്കാരം. ഈ എഴുത്തിന് മാത്രം അല്ല സൂക്ഷ്മതയും ജാഗ്രതയും ഉള്ള കലാബോധത്തിനും.

**സി. വി. രാധാകൃഷ്ണൻ:** സായാഹ്ന പ്രസിദ്ധീകരിക്കുന്ന എല്ലാ പിഡിഎഫുകളും (അച്ചടിക്കു വേണ്ടി നിർമ്മിക്കുന്നവയൊഴികെ) ഈ പ്രമാണരൂപത്തിന്റെ വായനാസുഖത്തിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ സ്പെസിഫിക്കേഷനും പാലിച്ചുകൊണ്ട് നിർമ്മിക്കപ്പെട്ടവയാണ്. ടെക് പോലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറിനു ഇതിനുള്ള കഴിവുകൾ സ്വകാര്യ സോഫ്റ്റ്‌വെയറുകളെക്കാൾ കൂടുതലായുണ്ട്, ഒരുപക്ഷെ ഉപയോക്താക്കൾ മറിച്ചാണു കരുതുന്നതെങ്കിലും.

അതുകൊണ്ട് സായാഹ്ന പിഡിഎഫുകൾ എല്ലാം തന്നെ എവിടെയെല്ലാം ഹൈപ്പർലിങ്ക് ചെയ്യണോ അതൊക്കെയും ചെയ്താണു നിർമ്മിക്കുന്നത്. ശീർഷകങ്ങളൊഴികെ, നിറമുള്ള വാക്കുകളെല്ലാം തന്നെ എന്തെങ്കിലുമൊരു ഹൈപ്പർലിങ്കിനെ സൂചിപ്പിക്കുന്നു (file link, URL link, cite link, reference link, action link). നിറമുള്ള വാക്കുകളിൽ അമർത്തിയാൽ ബന്ധപ്പെട്ട ലിങ്കിലേയ്ക്കു പോകാനാവും.

ഇനി വി. എം. ഗിരിജയുടെ സംശയത്തിലേയ്ക്കു വരാം. “ബാലാമണിയമ്മ” എന്ന പദം ഇരുണ്ട ഓറഞ്ചു നിറത്തിലാണ് വിന്യസിച്ചിട്ടുള്ളത്, അതിനർത്ഥം ആ പദം ഹൈപ്പർലിങ്ക്ഡ് ആണെന്നാണ്. അതിൽ അമർത്തിയാൽ രചയിതാവു ഉദ്ദേശിച്ച ലിങ്കിലേയ്ക്കു വായനക്കാരനു അനായാസേന എത്തുവാനാവും.

നീലനിറത്തിൽ അടിവരയുണ്ടെങ്കിൽ മാത്രമേ ലിങ്ക് ആവുകയുള്ളൂ എന്ന തെറ്റിദ്ധാരണ പലർക്കുമുണ്ട്. ലിങ്കുകൾ എന്തു നിറത്തിലുമാവാം. ഉദാഹരണത്തിനു, വാരഫലത്തിൽ ഹൈപ്പർലിങ്കുകളെല്ലാം തന്നെ കവറിലുപയോഗിച്ചിരിക്കുന്ന നിറത്തിലാണ്. നിറങ്ങൾ എത്രത്തോളം കുറയ്ക്കാമോ അത്രമേൽ ലാളിത്യവും സൗന്ദര്യവും കൂടുമെന്ന മുദ്രണകലയിലെ അടിസ്ഥാനപ്രമാണമാണ് സായാഹ്ന പിന്തുടരുന്നത്.

**കെ. ജി. എസ്.:**

ഒറ്റക്കണ്ണ്.
ഒരുപാട് നോട്ടങ്ങൾ.
ഒരായിരം കാഴ്ചകൾ.
അവസാനിക്കില്ലെന്ന് തോന്നിക്കുന്ന
ഉൾക്കാഴ്ചകൾ.
അവയുടെ ഫ്രെയിമുകൾ.
നിറം തന്നെ നിറവ്.
മധുവിന്റെ എഴുത്ത്,
‘അക’ത്തെ വെളിച്ചം കാണുന്ന
തോന്നക്കലെ ആ തോന്നൽ പോലെ.

**കെ. സച്ചിദാനന്ദൻ:** മധുവിന്റെ മറ്റു കുറിപ്പുകളും ഇവിടെ കാണാൻ താത്പര്യം. കഴിഞ്ഞ രണ്ടു-മൂന്നു മാസമായി എന്റെ പുലരികളെ, സായാഹ്നയോടൊപ്പം, സമൃദ്ധമാക്കുന്നത് മധുവിന്റെ പുതിയ ചിത്രങ്ങളും കുറിപ്പുകളുമാണ്.

**ശ്രീദേവി കർത്താ:** സൗമ്യനും മഹാ പ്രതിഭയുമായിരുന്ന ആ സാധാരണക്കാരനായ അസാധാരണ കലാകാരനെ ഇതിനേക്കാൾ സുന്ദരമായി ഒരു സുഹൃത്തിനു അടയാളപ്പെടുത്താൻ കഴിയില്ല... രാധാകൃഷ്ണൻ നിങ്ങൾ വീണ്ടും വന്ന് പോയ പോലെ... ഒരുമിച്ചിരുന്നു ഒരു ചായ കുടിച്ചത് പോലെ.

**സുരേഷ് പുതിയവീട്ടിൽ:** സാഹിത്യവാരഫലം ആദ്യായിട്ടാണ് വായിക്കുന്നത്. എന്നാൽ കൃഷ്ണൻ നായരെക്കുറിച്ച് കേട്ടിട്ടുണ്ട്. പഴയതല്ലേ എന്ന് കരുതി മടിച്ചാണ് വായിച്ചത്. വായിച്ച കഴിഞ്ഞപ്പോൾ വലിയ സന്തോഷം തോന്നി. കേട്ടത് പോലെയല്ല നായർ. ഈ ഗ്രൂപ്പിൽ ചേർത്തതിനും നല്ല വായനയ്ക്ക് അവസരം തന്നതിനും നന്ദി.

**സക്കറിയ:** ഹഹഹഹ! നല്ല സത്യസന്ധത!

**ബാലൻ തളിയിൽ:** ഒരു കാലത്ത് സാഹിത്യലോകത്ത് കടന്നുവരാൻ ആർക്കാണ് അവകാശമെന്ന് സൂചിപ്പിച്ചത് വാരഫലക്കാരനായിരുന്നു. ശങ്കയോടെയാണ് അക്കാലത്തെ പുതുമുറക്കാർ എഴുത്തിലേക്ക് പ്രവേശിച്ചുള്ളൂ എന്നതാണ് വാസ്തവം...

**റഫീഖ് അഹമ്മദ്:** ചില മാഷമ്മാർ ഉണ്ടായിരുന്നു. വേലുക്കുട്ടി മാസ്റ്ററെപ്പോലെ. അവർ പഴയവരാണ്. അദ്ധ്യാപനം, വിദ്യാർത്ഥിത്വം, പഠനം മുതലായ കാര്യങ്ങളെ സംബന്ധിച്ചുള്ള അവബോധം നാൾക്കുനാൾ വികസിച്ചു കൊണ്ടിരിക്കുകയും പല സങ്കൽപ്പങ്ങളും അടിമുടി മാറിക്കൊണ്ടിരിക്കുകയുമാണെങ്കിലും ആ പഴയ വേലുക്കുട്ടി മാഷ്ക്ക് എന്തോ ഒരു പ്രസക്തി ഉണ്ട് എന്ന് ചിലപ്പോഴെങ്കിലും നമുക്ക് തോന്നിയിട്ടുണ്ട്. ആ മാഷ് ഇല്ലായിരുന്നെങ്കിൽ നാം ഗുണകോഷ്ഠം മനഃപാഠമാക്കുകയില്ലായിരുന്നു. കാലത്ത് നേരത്തെ എഴുന്നേറ്റ് കുളിച്ച ശേഷമേ വിദ്യാലയത്തിലേക്ക് വരാവൂ എന്ന ചൂരൽ ശാസന പിൽക്കാലത്തെ നല്ല ശീലമായി മാറില്ലായിരുന്നു. അടുത്തിരിക്കുന്നവനെ കോപ്പിയടിച്ച് പകർത്തിവെച്ച് മാർക്കടിച്ചു മാറ്റുന്ന പ്രവൃത്തിക്ക് ചന്തിയ്ക്ക് ചൂരലടി കിട്ടുകയോ പിൽക്കാലത്ത് അത്തരം എളുപ്പ വിദ്യകളിൽ നിന്ന് വിട്ടു നിൽക്കാൻ അവനെ പ്രാപ്തനാക്കുകയോ ചെയ്യില്ലായിരുന്നു. കളവു പറയരുത് എന്ന കാര്യം ഇത്രയും നേർക്കുനേരെ മനസ്സിൽ തറയുകയില്ലായിരുന്നു.

കാര്യമൊക്കെ ശരി തന്നെ എങ്കിലും വേലുക്കുട്ടി മാഷ് ഒരു പഴഞ്ചനായ അദ്ധ്യാപകനാണ്. വിദ്യാഭ്യാസ സമ്പ്രദായത്തെ സംബന്ധിച്ച്, അദ്ധ്യാപനത്തെ സംബന്ധിച്ച്, അദ്ധ്യാപക-വിദ്യാർത്ഥി ബന്ധത്തെക്കുറിച്ച് മാഷിന്റെ ധാരണകൾ കാലഹരണപ്പെട്ടവയായിരുന്നു. സംശയമില്ല.

എന്നിട്ടും ചിലപ്പോൾ ഒരു വേലുക്കുട്ടി മാസ്റ്റർ ഉണ്ടായിരുന്നെങ്കിൽ എന്ന് നമ്മൾ ആത്മാർത്ഥമായി ആഗ്രഹിക്കാറുണ്ട്. എം. കൃഷ്ണൻ നായരും സാഹിത്യ വാരഫലവും ഉണ്ടായിരുന്നെങ്കിൽ എന്ന് വിചാരിക്കുന്നതു പോലെ.

**നന്ദിനി മേനോൻ:** വാരഫലം പഴയ ലക്കങ്ങളിലൂടെ കടന്നു പോകുമ്പോൾ വേലുക്കുട്ടി മാഷ് വലിയ ശരിയെന്നു തോന്നിക്കൊണ്ടേയിരിക്കുന്നു...

**വേണു എടക്കഴിയൂർ:** വേലുക്കുട്ടി മാഷടെ പ്രസക്തി നാൾക്ക് നാൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

**ഹക്കിം പെരുമ്പിലാവ്:** ആ പൂച്ചക്ക് നല്ലൊരു മണി കെട്ടാൻ ആരുമില്ലാത്തതിൽ വല്ലായ്മയുണ്ട്... മണിയുണ്ടായിട്ടും പലരും ആ ദൗത്യത്തിനു മുതിരാത്തതിൽ കാരണങ്ങൾ ഏറെയുണ്ടെന്ന് കട്ടായം.

**ദാമോദർ പ്രസാദ്:** സംസ്കാരമെന്നത് എന്താണ് മാഷും കുട്ട്യോളും കളിയോ?

ഭാവുകത്വമെന്നത് സ്കൂളും എഴുത്തുകാർ വിദ്യാർത്ഥികളും നിരൂപകന്മാര് മാഷമ്മാരും. എന്തൊരു വിചിത്ര സങ്കല്പങ്ങളാണ്. സംസ്കാരത്തിന്റെ അകത്തു പ്രവർത്തിക്കുന്ന പ്രബുദ്ധതയും അതിൽ നിന്ന് തെളിയുന്ന ജനാധിപത്യ സങ്കല്പങ്ങളും സംസ്കാരത്തെയും ഭാവുകത്വത്തെയും മാഷന്മാരുടെ പ്രീപ്രൈമറി വിദ്യാഭ്യാസമായി കാണുമെന്ന് തോന്നുന്നില്ല.

അതൊക്കെ ചളപള കാല്പനികതയാണ്.

ഏതോ ഒരു ഫ്യൂഡൽ സാന്മാർഗികതയെ നന്മയുടെ പ്രതീതിയായി, മറ്റ് ഉപഭോഗ ജീവിതത്തിൽ അത്യന്താധുനികനായിരിക്കെ തന്നെ, ഉള്ളിൽ പേറി നടക്കുന്നത് മലയാളികളുടെ സ്പ്ലിറ്റ് പേഴ്സണാലിറ്റിയുടെ ഒരു ലക്ഷണമാകണം.

അത്തരത്തിലുള്ള വിചിത്രമായ സാന്മാർഗികതയുടെ ഭാവനയിൽ നിന്നാണ് എം. കൃഷ്ണൻ നായരെ, കൃഷ്ണൻ നായർ തന്നെ ഒരു പക്ഷേ സ്വയം സങ്കല്പിക്കാത്ത വിധത്തിൽ ഈവ്വിധം മാഷായി പ്രതിഷ്ഠിക്കുന്നത്.

ഇവിടെ പ്രസിദ്ധീകരിച്ച എം. കൃഷ്ണൻ നായരുടെ വാരഫലത്തിന്റെ മൂന്നാമത്തെ പിഡിഎഫ് ഒന്നു നോക്കുക. കൾച്ചറിന്റെ പോപ്പുലർ പ്രതിനിധാനത്തിന്റെ പ്രത്യേകമായ വൈവിധ്യം കാണാം.

ടാഗ്ഗൂർ മുതൽ കിസ്സിലോവ്സ്കിയുടെ ത്രീ കളേഴ്സ് വരെ ഒരു ലക്കത്തിൽ വരുന്നു. അതിനിടയിൽ ആത്മഭാഷണമുണ്ട്. തനി സെക്സിസ്റ്റ് വർത്തമാനമുണ്ട്. എം. കൃഷ്ണൻ നായർക്ക് എഴുത്തിനെ ജനപ്രിയമാക്കാനുള്ള പ്രത്യേകമായ ടാക്റ്റ് കൈവശമുണ്ടായിരുന്നു. അത് വാസ്തവത്തിൽ മോഡേൺ ജേർണലിസത്തിന്റെ അനുഭവ ധാരണകളിൽ നിന്ന് കൃഷ്ണൻ നായർ ഉൾക്കൊണ്ടിട്ടുള്ളതാണ്.

എം. കൃഷ്ണൻ നായരെ ഏതോ വിദൂര കാലത്തെ പ്രീപ്രൈമറി മാഷായി സങ്കല്പിക്കുന്നത് നമ്മൾ ഇന്ന് കൃഷ്ണൻ നായരെ വായിച്ചിട്ടല്ല എന്നു കൊണ്ടു മാത്രമല്ല, നമ്മുടെ മനസ്സിൽ എങ്ങനെയോ ഇംപ്രിന്റഡായ ഏതോ ഒരോ പാവം പഴയ മാഷെ കൃഷ്ണൻ നായരിലേക്ക് ഡിസോൾവ് ചെയ്യിക്കുകയുമാണ്.

കൃഷ്ണൻ നായരെ കുറിച്ചുള്ള ആ വിചിത്ര സങ്കല്പത്തേക്കാൾ ആ ഭൂതാനുഭവ ക്ലാസ്സ് മുറിയിലെ ശിക്ഷണ-ശാസന രീതികളെ ഇങ്ങനെ ഉദാത്തവല്ക്കരിക്കുന്നതാണ് അത്ഭുതപ്പെടുത്തിയത്.

**അല്ലക്ക അബ്ദുൽ ഗഫൂർ:** അന്നത്തെ യുവാക്കളുടെ വായനയെ നല്ല പോലെ സ്വാധീനിച്ചിട്ടുള്ള ഒരു പംക്തിയായിരുന്നു കൃഷ്ണൻ നായരുടേത്.

**ആനന്ദി രാമചന്ദ്രൻ:** എന്റെ കൗമാരകാലത്തും, ചെറുപ്പകാലത്തും, സാഹിത്യ രചനകളെക്കാളൊക്കെ വായിക്കാനിഷ്ടപ്പെട്ടിരുന്നത് എം. കൃഷ്ണൻ നായരുടെ സാഹിത്യവിമർശനങ്ങൾ ആയിരുന്നു. അദ്ദേഹത്തിന്റെ വിമർശനങ്ങൾ ചിലപ്പോൾ ക്രൂരമായും തോന്നിയിട്ടുണ്ട്. പക്ഷെ ഇന്ന് അങ്ങനൊരു സാഹിത്യ വിമർശകൻ നമുക്കില്ല. പലരും പെയ്ഡ് വിമർശകരായിട്ടാണ് തോന്നിയിട്ടുള്ളത്.

**ദാമോദർ പ്രസാദ്:** ഏതായാലും, ആ ദയാലുവായ പെരുമാറ്റ ശാസകന്റെ സാഹിത്യ കോച്ചിങ്ങ് ക്ലാസ്സിൽ ആൺ അപ്പികളെ മാത്രമേ ഭാവന ചെയ്തിട്ടുള്ളൂ. ഭാഗ്യത്തിന് അത്രയും ഉദാത്തതേയുള്ളൂ. മിക്സഡ് ഇനിയും എത്തിച്ചേരാത്ത സ്ഥലകാലമായിരിക്കാം. പെൺകുട്ടികളുടെ സാഹിത്യ വാസന ഒരു പക്ഷേ ആ പഴയ ക്ലാസ്സ് മുറിയിൽ അവികസിതാവസ്ഥയിലാണ്. കൃഷ്ണൻ നായർക്കും അങ്ങനെ ചില ബലം പിടുത്തങ്ങളുണ്ടായിരുന്നു എന്ന് തോന്നുന്നു, കമലാദാസിന്റെ എഴുത്ത് ഒഴിച്ചു നിർത്തിയാൽ.

ഒരു കാര്യം കൂടി: ഇക്കാലത്ത് ഏറ്റവും അവിശ്വസിക്കേണ്ടതും നിരാകരിക്കേണ്ടതുമായ സങ്കല്പമാണ് “ദയാലുവായ ശാസകന്റേത്”, അത് എത് പരിവർത്തിത രൂപത്തിൽ അവതരിപ്പിച്ചാലും.

അതിനോട്ട് അനുകമ്പ തോന്നുന്നവർക്ക് തോന്നിക്കോട്ടെ...

വിയോജിക്കാതിരിക്കാൻ തരമില്ല!

**സതീശ് ചന്ദ്രൻ:** മരിച്ചുപോയ അയ്യപ്പൻ പരലോകത്ത് വിളക്കും കാൽ ചാരിയിരുന്ന് കുത്തിക്കുറിച്ച വരികൾ.

> “ഞാൻ നിന്റെ പുറം ചൊറിയാം
> പകരം നീയെന്റെ പുറം ചൊറിയുക
> പെയ്ഡ് എന്ന വാക്ക് മിണ്ടരുത്
> ദീപസ്തംഭം മഹാശ്ചര്യം...”

സമ്പാദകൻ—സതീശ് ചന്ദ്രൻ

**കെ. വി. ഷനീപ്:** സാഹിത്യവാരഫലം പണ്ട് വായിക്കാറുണ്ടായിരുന്നു. വീണ്ടും ചില ഓർമകൾ ഉണർത്താൻ സായാഹ്നയിലെ കുറിപ്പിന് സാധിച്ചു. അന്ന് എഴുതുന്നവരും എഴുതി തുടങ്ങുന്നവരും കൃഷ്ണൻ നായരുടെ നല്ലൊരു പരാമർശം ആഗ്രഹിച്ചിരുന്നു... അദ്ദേഹത്തിലെ കസേര ഒഴിഞ്ഞു കിടക്കുന്നു... സായാഹ്നയ്ക്ക് ആശംസകൾ...

## ഉണ്ണി ആർ., ബെന്യാമിൻ: സ്വാതന്ത്ര്യത്തിന്റെ മാനിഫെസ്റ്റോ

**പി. പി. രാമചന്ദ്രൻ:** ഇത്രയധികം ഉള്ളടക്കമുള്ള പതിപ്പ് മുപ്പതോ നാൽപ്പതോ മിനുട്ടിൽ വായിക്കാനാവില്ല. ഫോൺ പതിപ്പുകൾക്ക് സായാഹ്ന തുടക്കത്തിൽ അവലംബിച്ച മാതൃകയാണ് അഭികാമ്യം എന്നു തോന്നുന്നു. സ്വാതന്ത്ര്യത്തിന്റെ മാനിഫെസ്റ്റോ പോലുള്ളവയെ സാവകാശവായനയ്ക്കുള്ള പ്രത്യേക പതിപ്പുകളാക്കി പ്രസിദ്ധീകരിക്കാം.

**സി. വി. രാധാകൃഷ്ണൻ:** താങ്കൾ പറഞ്ഞതു് വളരെ ശരിയാണ്. എങ്കിലും ചിലപ്പോഴെങ്കിലും ഇങ്ങനെ ചെയ്യേണ്ടിവരും. മാനിഫെസ്റ്റോയിലാണെങ്കിൽ വേഗം വായിച്ചു തീർക്കാവുന്ന നിരവധി ലേഖനങ്ങളാണ്. എല്ലാം ഒറ്റയടിക്കു വായിക്കണമെന്നില്ല. മുൻഗണനയനുസരിച്ച് പലപ്പോഴായി വായിക്കുകയുമാവാം. സമാഹൃതപതിപ്പ് ഉടൻ തന്നെ ലഭ്യമാക്കുന്നതാണ്.

**എസ്. ഗോപാലകൃഷ്ണൻ:** എന്റെ ശനിയാഴ്ച പ്രഭാതത്തെ സാർത്ഥകമാക്കി ഈ പതിപ്പ്. ഒറ്റയിരിപ്പിന് മുഴുവൻ വായിക്കാനങ്ങ് തീരുമാനിക്കുകയായിരുന്നു. ഉള്ളടക്കത്തിലേക്ക് വിശദമായി കടക്കുന്നില്ല. മിക്കവയും ഇഷ്ടപ്പെട്ടു, പ്രസക്തം. വലിയ അഭിനന്ദനങ്ങൾ… നന്ദി.

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**ഹർഷിത:** വായന മരിക്കുന്നു എന്ന് പറയുന്ന ഈ ഒരു കാലത്ത് ഇങ്ങനെ ഒരു വാട്ട്സ് ആപ്പ് കൂട്ടായ്മ വളരെയേറെ ഉപകാരപ്രദമാണ് പ്രത്യേകിച്ചും ഒരു ദിവസത്തിന്റെ തുടക്കവും അവസാനവും മൊബൈലിലൂടെയാവുന്ന ഒരു തലമുറയ്ക്ക്. ഇങ്ങനെയൊരു ആശയത്തിന് ആശംസകൾ. യഥാർത്ഥത്തിൽ വായന മരിക്കുന്നില്ലല്ലോ.

(ജൂലൈ 19 മുതൽ 25 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.